# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ ബാംഗ്ലൂർ മെത്രാസന ഇടവകയുടെ
## ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

C. No. 007/2023

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

പ്രിയരെ, പരിശുദ്ധ ശ്ലീഹന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് ജൂൺ മാസം 16-ാം തീയതി ശ്ലീഹനോമ്പ് ആരംഭിക്കുകയാണ്. എല്ലാവരും നോമ്പനുഷ്ഠിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിങ്ങളെ ഓർമ്മിപ്പിക്കുന്നു. നോമ്പിന്റെ വിശുദ്ധി കാത്തുസൂക്ഷിക്കുവാനും അതിലൂടെ ആത്മനിറവിൽ വളരുവാനും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വീണ്ടും പ്രിയരെ, ഈ വർഷത്തെ നമ്മുടെ ഭദ്രാസനവൈദീകദിനം പരിശുദ്ധ ശ്ലീഹാ നോമ്പിലെ ആദ്യ ഞായറാഴ്ച ആയ ജൂൺ മാസം 18-ാം തീയതി ആചരിക്കുകയാണ്. അന്നേദിവസം വിശുദ്ധ കുർബ്ബാനമദ്ധ്യേ നമ്മുടെ വൈദീകർക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ടി പ്രത്യേകപ്രാർത്ഥന നടത്തണം. വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ ഭവനങ്ങളിൽ പ്രത്യേകം പ്രാർത്ഥിക്കണം. കൂടാതെ വൈദീകക്ഷേമത്തിനായി ഏർപ്പെടുത്തിയിരിക്കുന്ന കവർപിരിവ് വിജയിപ്പിക്കുവാനും ഏവരും ശ്രദ്ധിക്കണം. കഴിഞ്ഞ സാമ്പത്തികവർഷം ഇതിലേക്ക് നാം ഉദ്ദേശിച്ചതിൽ നിന്നും കുറവ് തുകയാണ് ലഭിച്ചത്. ഈ വർഷവും അതേ സാഹചര്യം ഉണ്ടായാൽ അത് വൈദീകക്ഷേമത്തിനായി നാം നടപ്പിലാക്കിയ പദ്ധതികളെ ബാധിക്കും. ആയതിനാൽ നിങ്ങളേവരും, പ്രത്യേകാൽ സാമ്പത്തികസ്ഥിതി മെച്ചമുള്ളവർ ഇക്കാര്യത്തിൽ സംഭാവനകൾ നൽകണമെന്ന് അറിയിക്കുന്നു. സഭാശുശ്രൂഷകൾക്കായി ജീവിതം സമർപ്പിച്ചിരിക്കുന്ന വൈദീകർക്ക് നിങ്ങളുടെ പ്രാർത്ഥനാപൂർവ്വമായ പിന്തുണ എന്നും ആവശ്യമാണ് എന്ന് നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**

2023 മെയ് മാസം 30-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും